LIBRARY ARCHIVES Kerala Legislative Assembly

കൊടകര - പേരാമ്പ്ര, കനകമല ഖാദി യൂണിറ്റുകളുടെ നവീകരണം

101 (2339) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊടകര പഞ്ചായത്തിലെ പേരാമ്പ്രയിലും കനകമലയിലുമുള്ള ഖാദി യൂണിറ്റുകളുടെ നവീകരണത്തിനും സംരക്ഷണത്തിനുമായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും, ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കൊടകര പഞ്ചായത്തിൽപ്പെട്ട പേരാമ്പ്ര, കനകമല എന്നിവിടങ്ങളിലെ ഖാദി യൂണിറ്റുകൾ നവീകരിക്കുന്നതിന് 2013-14-ൽ 7 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിലേക്കുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി. കറഞ്ഞ ഇക്ക ക്വാട്ട് ചെയ്ത കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകിക്കഴിഞ്ഞു. പണികൾ ഉടൻ ആരംഭിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ പൊതുകടം

102 (2340) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 ഡിസംബർ 1 വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര?

ഉത്തരം

നടപ്പുസാമ്പത്തിക വർഷം 31-10-2014 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. പ്രസ്തുത പ്രാഥമിക കണക്ക് ഉൾപ്പെടെ 31-10-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 126530.33 കോടി രൂപയാണ്.

ധനകാര്യവകുപ്പിലെ ഇ-ഫയലിംഗ്

103 (2341) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് നടപ്പാക്കിയതിനുശേഷം ഫയൽ പരിശോധിക്കുന്നതിനും തീർപ്പാക്കുന്നതിനും കൂടുതൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാലതാമസം കുറയ്ക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) നിയോജക മണ്ഡലത്തിലെ പ്രധാന പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളുടെ സ്ഥിതി എസ്.എം.എസ്. മുഖേനയോ ഇ-മെയിൽ മുഖേനയോ എം.എൽ.എ.-മാരെ അറിയിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ 2014 മാർച്ച് മുതലാണ് ഇ-ഫയലിംഗ് നടപ്പിലാക്കിയത്. പ്രാരംഭ ഘട്ടത്തിൽ സ്കാനിംഗിൽ ചില സാങ്കേതിക തടസ്സങ്ങൾ വന്നതിനാൽ ഫയലുകൾ തീർപ്പാക്കുന്നതിന് അല്പം കാലതാമസം വന്നിട്ടുണ്ട്. ഇപ്പോൾ ഫയൽ പരിശോധിക്കുന്നതിലും തീർപ്പാക്കുന്നതിലും കാലതാമസം ഉണ്ടാകുന്നില്ല.

(ബി) ഇപ്പോൾ ഇ-ഫയലിംഗ് വഴി ഫയലുകൾ പരിശോധിക്കുന്നതിലും തീർപ്പാക്കുന്നതിലും കാലതാമസമില്ല.

(സി) ഇ-ഫയലിംഗ് സോഫ്റ്റ്വെയർ വികസിപ്പിച്ചത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ പൊതുജനങ്ങൾക്ക് ഫയലിന്റെ സ്ഥിതി മനസ്സിലാക്കുന്നതിനായി പബ്ലിക് ഇന്റർഫെയിസ് സെക്യൂരിറ്റി ഓഡിറ്റിനുശേഷം ഉടൻ പുറത്തിറക്കുന്നതാണ്. ഇതുവഴി ഫയലിന്റെ സ്ഥിതി പൊതുജനങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്. ഫയലുകളുടെ സ്ഥിതി എസ്.എം.എസ്. മുഖേനയോ ഇ-മെയിൽ മുഖേനയോ എം.എൽ.എ.-മാരെ അറിയിക്കാൻ ഇപ്പോൾ വ്യവസ്ഥയില്ല.

മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ പ്രവൃത്തികൾ

104 (2342) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് നിലവിൽ എൽ.സി. നൽകുന്ന നടപടി എപ്രകാരമാണെന്ന് വിശദമാക്കാമോ ;

(ബി) PWD മുഖേന ചെയ്യുന്ന പ്രവൃത്തികൾ സീനിയോറിറ്റി ലിസ്റ്റിലും മറ്റ് ഏജൻസികൾ മുഖേന ചെയ്യുന്നത് ഡെപ്പോസിറ്റ് വർക്കായി പരിഗണിച്ചും ഇക (L.C) നൽകുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly